ഡിസ്ട്രിക്ട് ട്രാൻസ്പോർട്ട് ആഫീസർ
കെ.എസ്.ആർ.ടി.സി
തിരുവനന്തപുരം

സർ,

വിഷയം:- കോവളം-കഴക്കൂട്ടം ബൈപ്പാസിൽ ഇൻഫോസിസ് കമ്പനിക്കു മുന്നിലെ ബസ് സ്റ്റോപ്പ് മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച്.

കോവളം-കഴക്കൂട്ടം ബൈപ്പാസിൽക്കൂടി സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി ബസുകൾക്ക് മേടനടയിൽ "ഇൻഫോസിസ്" കമ്പനിക്കുമുന്നിലാണ് സ്റ്റോപ്പ് അനുവദിച്ചിരിക്കന്നത്. വളരെയധികം തിരക്കുള്ളതും, വീതികുറഞ്ഞതുമായ ഈ സ്ഥലത്ത് ബസ് നിറുത്തി യാത്രക്കാരെ ഇറക്കുകയും കയറ്റുകയും ചെയ്യുന്നത് എല്ലാത്തരം യാത്രക്കാർക്കും വളരെയധികം ബുദ്ധിമുട്ടും അപകടവും ഉൺടാക്കുന്നു. റോഡിന് ഇരുവശവും വീതികുറവായതുകാരണം ഒരു ബസ് നിറുത്തിക്കഴിഞ്ഞാൽ ഇരുഭാഗത്തേക്കും കിലോമീറ്ററുകൾ ദൂരത്തിൽ ഗതാഗത തടസ്സം ഉൺടാകുന്നു. ഇൻഫോസിസിലേക്ക് വരുന്നതും പുറത്തേക്ക് പോകുന്നതുമായ വാഹനങ്ങൾ ഉൾപ്പെടെ ഇവിടെ അപകടകരമായ തിരക്കാണ് അനുഭവപ്പെടുന്നത്. ഇതിനിടയിലൂടെ തിക്കിത്തിരക്കി ഓടാൻ ശ്രമിക്കുന്ന ചെറിയ വാഹനങ്ങൾമൂലം പതിവായി അപകടങ്ങളും ഉൺടാകുന്നു.

ഈ ബസ് സ്റ്റോപ്പിൽ നിന്നും 10 അടി ദൂരം മാത്രം മുന്നോട്ട് മാറിയാൽ റോഡിന് ഇടത്തുവശത്ത് (ആര്യാസ് ഹോട്ടലിന് മുന്നിലായി) നാഷണൽ ഹൈവേയുടെതന്നെ വളരെയധികം സ്ഥലം ഒഴിഞ്ഞ് കിടപ്പുൺട്. കഴക്കൂട്ടം ഭാഗത്തേക്ക് പോകുന്ന ബസുകൾ അവിടെ നിറുത്തി യാത്രക്കാരെ ഇറക്കുകയും കയറ്റുകയും ചെയ്താൽ ഈ ഗതാഗത തടസ്സവും അപകടങ്ങളും ഒരു പരിധിവരെ കുറയ്ക്കാൻ കഴിയും.

ആയതിനാൽ, മേൽപ്പറഞ്ഞ വസ്തുതകൾ പരിഗണിച്ച് ബൈപ്പാസിലൂടെ കഴക്കൂട്ടം ഭാഗത്തേക്ക് പോകുന്ന ബസുകളുടെ സ്റ്റോപ്പ് ഇൻഫോസിസിന്റെ മുന്നിൽ നിന്ന് മാറ്റി മുന്നോട്ട് ഒഴിഞ്ഞ്കിടക്കുന്ന സ്ഥലത്ത് സ്ഥാപിക്കുന്നതിനുവേൺട നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകി നടപ്പിൽ വരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

26.12.2014

സെക്രട്ടറി